## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.293 — 23.01.2018 ൽ മറുപടിക്ക്

### ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, കാരാട്ട് റസാഖ്<br>,, യു. ആർ. പ്രദീപ്<br>കെ.കെ.രാമചന്ദ്രൻ നായർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷയരോഗ വിമുക്തമാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ വിമുക്ത കേരളത്തിനായുള്ള ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. 2018 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സന്നദ്ധ പ്രവർത്തകർ എത്തി ഓരോ കുടുംബത്തേയും നേരിൽ കണ്ട് ക്ഷയരോഗത്തെപ്പറ്റി അവബോധം നൽകുകയും ക്ഷയരോഗത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ക്ഷയരോഗ ബാധയുള്ള വിദൂര സാധ്യതയുള്ളവർക്കുപോലും സംശയനിവാരണത്തിനായുള്ള സൗജന്യ പരിശോധകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നു. |
| (ബി) | പ്രസ്തുത ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം ആരുടെയെല്ലാം പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പങ്കാളിത്തത്തോടുകൂടിയാണ് പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | മുഴുവൻ ഭവനങ്ങളിലും സന്നദ്ധ പ്രവർത്തകർ സന്ദർശനം നടത്തി, ക്ഷയരോഗ നിർമ്മാർജ്ജന അവബോധം സൃഷ്ടിക്കുന്നതിനും ക്ഷയരോഗത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ സംശയ നിവാരണത്തിനായി സൗജന്യ പരിശോധന ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നറിയിക്കുമോ; | (സി) | ഉണ്ട്. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ വിമുക്ത കേരളത്തിനായുള്ള ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. 2018 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സന്നദ്ധ പ്രവർത്തകർ എത്തി ഓരോ കുടുംബത്തേയും നേരിൽ കണ്ട് ക്ഷയരോഗത്തെപ്പറ്റി അവബോധം നൽകുകയും ക്ഷയരോഗത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ക്ഷയരോഗ ബാധയുള്ള വിദൂര സാധ്യതയുള്ളവർക്കുപോലും സംശയനിവാരണത്തിനായുള്ള സൗജന്യ പരിശോധകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം സ്ഥിതീകരിക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നു. |
| (ഡി) | രോഗബാധ സ്ഥിരീകരിക്കപ്പെടുന്നവർക്ക് സൗജന്യ ചികിത്സയും അനുബന്ധ പരിശോധനയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ക്ഷയരോഗബാധ സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സയും അനുബന്ധ പരിശോധനയും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ